**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **19-01-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. അബ്ദുറഹിമാൻ** | | **Shri A. C. Moideen (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ച വീടുകളുടെയും ലൈഫിന്റെ ഭാഗമായി നിർമ്മിച്ച ഫ്ലാറ്റുകളുടെയും കണക്ക് വിശദമാക്കുമോ; | (എ) | സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കി വരുന്നത്. നാളിതുവരെ 2,50,547 വീടുകളും 6 ഭവന സമുച്ചയങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | സ്വന്തമായി വസ്തുവും വീടും ഇല്ലാതെ ഇനിയും സംസ്ഥാനത്ത് അവശേഷിക്കുന്ന കുടുംബങ്ങളുടെ കണക്ക് ലഭിച്ചിട്ടുണ്ടോ? വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിലുള്ള ലിസ്റ്റിൽ വിട്ടുപോയ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചപ്പോൾ 8,32,650 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (സി) | ലൈഫ് ഭവനപദ്ധതി അർഹർക്ക് മാത്രമാണ് ലഭിക്കുന്നതെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളും നടപടികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായി അർഹതാ പരിശോധന നടത്തുകയും മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപന സമിതി ഇത് അംഗീകരിക്കുകയും ചെയ്തതിന് ശേഷമാണ് നിർവ്വഹണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ